ഉത്തരം.

(എ) ഇൻഡ്യാ ഗവണ്മെൻറ് നിശ്ചയിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാ വശങ്ങളേയുംപറ്റി ആലോചിക്കുന്നതാണ്.

(ബി) ഇല്ല.

Mr. Speaker : Order, order. Question time is over.

ADJOURNMENT MOTIONS

I. Satyagraha of the Kerala State Transport Workers at the Secretariat Gates.

Mr. Speaker : I have received notices of a few adjournment motions. Shri E P. Gopalan has given notice of an adjourn-
9 a. m. ment motion regarding the Satyagraha of Kerala State Transport Workers at the Secretariat Gates. I call upon the Hon. Minister for Transport and Labour to state the facts.

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

സർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ട്രാൻസ്പോർട്ട് വകുപ്പിലെ ഒരു യൂണിയന്റെ ഡിമാൻറുകളെ സംബന്ധിച്ചും അതിനെ സംബന്ധിച്ച സക്കാരിനെതിരായി അവർ തുടങ്ങിയിട്ടുള്ള സത്യാഗ്രഹത്തെ സംബന്ധിച്ചുമുള്ളതാണ് ഈ അടിയന്തിരപ്രമേയം. സർ, കേരള സ്റ്റേറ്റിലെ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ് ഒരു ഗവണ്മെൻറ് വകുപ്പാണെന്നുള്ള വസ്തുത ഈ സഭയിലുള്ള എല്ലാവർക്കും അറിവുള്ളതാണെന്നു ഞാൻ കരുതുന്നു. ഇതിലെ സകല ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരും ഗവണ്മെൻറിലെ എല്ലാ നിയമങ്ങൾക്കും എന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്കും വിധേയരുമാണ്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പള കാര്യങ്ങൾ പൊതുവെ മറ്റു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളപരിഷ്ക്കാരം ചെയ്തതോടൊപ്പം പരിഷ്ക്കരിച്ചിട്ടുണ്ട്. അതിനുശേഷം ഇതിൽ രണ്ടു മൂന്നു യൂണിയൻ ഉണ്ടായിട്ടുണ്ട്. ആ യൂണിയനുകളിൽനിന്നും ഇടക്കിടയ്ക്ക ആവശ്യങ്ങളും ഡിമാൻറുകളും വരാറുണ്ട്. ആ ഡിമാൻറുകൾ പരിശോധിച്ച് അവരുമായി സംഭാഷണം നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. യൂണിയൻ അതു സമ്മതിക്കാറുമുണ്ട്. അതുപോലെ ഈ യൂണിയനിൽനിന്നും ഡിമാൻറുകൾ പലതും വന്നിട്ടുണ്ട്. അവർ തന്ന ഡിമാൻറുകളുടെ എണ്ണം ഏതാണ്ട് മുപ്പതു മുപ്പത്തഞ്ചിൽ കൂടുതൽ ഉണ്ട്. ഉദ്യോഗസ്ഥന്മാരുടെ എണ്ണം കൂട്ടണം, അൽപ്പസ്വൽപ്പം ശമ്പളം കൂട്ടണം, മറ്റു ചില ആനുകൂല്യങ്ങൾ കൊടുക്കണം, തുടങ്ങിയവയാണ് ഡിമാൻറുകളിൽ മിക്കതും. അതെല്ലാം സ്വാഭാവികമായിട്ടുള്ളതാണ്. വലിയ തെറ്റു പറഞ്ഞിട്ടു കാര്യമില്ല. പക്ഷേ ഈ യൂണിയനുകൾ ആവശ്യപ്പെടുന്ന ഡിമാൻറുകൾ അങ്ങനെ കണ്ണുമടച്ചു കൊടുക്കുവാൻ സാദ്ധ്യമല്ല. വിശദമായി പരിശോധിക്കേണ്ട സംഗതിയാണ് അതു്. സാമ്പത്തികമായ നിലയിൽ എന്തെല്ലാം കൊടുക്കേണ്ടിവരും, സക്കാരിന്റെ ഒരു വിഭാഗം തൊഴിലാളികൾക്ക ഈ ആനുകൂല്യങ്ങൾ നൽകുമ്പോൾ മറ്റു വിഭാഗം ഉദ്യോഗസ്ഥന്മാർ എന്തെല്ലാം ആവശ്യപ്പെടാം, ഇതെല്ലാം ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇതിനെല്ലാം ഉത്തരവാദപ്പെട്ട സക്കാരിനു ഉടനടി ഈ ഡിമാൻറുകൾ അംഗീകരിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല. ഈ വസ്തുത അവർക്കും അറിയാം, സക്കാരിനും അറിയാം, സമാജികന്മാർക്കും അറിയാം. ഈ ഡിമാൻറുകളെ സംബന്ധിച്ച് കുറേ മുമ്പേ പരിശോധിക്കുകയുണ്ടായി, ചർച്ചകൾ നടത്തി ഒരു തീരുമാനമെടുത്തശേഷം 23-ാം തീയതി വീണ്ടും കൂടി ചർച്ച നടത്തുകയുണ്ടായി. അപ്പോൾ മണി ഒന്നായതുകൊണ്ട് ബാക്കി ചർച്ച ഇന്നത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇവിടെ ജോലിചെയ്യുന്ന ആളുകൾ യാതൊരു തരത്തിലും അരിഷ്ടിച്ചു, കഷ്ടിച്ച ബുദ്ധിമുട്ടിക്കൊണ്ട് സേവനം ചെയ്തുകൊള്ളണമെന്നു സർക്കാരിനു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

യാതൊരു ഉദ്ദേശവുമില്ല. കഴിഞ്ഞ ഒരു കൊല്ലമായിട്ട് ഒരു പ്രത്യേക സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളതു്. അതിന്റെ അടിസ്ഥാനത്തിൽ economy measures നടപ്പിൽവരുത്തണമെന്നു സംസ്ഥാന ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റും പറഞ്ഞിട്ടുണ്ടു്. അതും നാം ഓർമ്മിക്കേണ്ട കാര്യമാണു്. പ്രത്യേകിച്ചും കഴിഞ്ഞ കൊല്ലം ബഡ്ജറ്റ് സമ്മേളനത്തിൽ സ്റ്റോറ് ട്രാൻസ്ഫോർട്ട് ഡിപ്പാർട്ടുമെന്റിനു ഇത്രമാത്രം വരവുണ്ടാകുമെന്നും ഇത്രമാത്രം ചെലവു ചെയ്യേണ്ടിവരുമെന്നും മറ്റു് ആവശ്യങ്ങൾക്കുവേണ്ടി എത്രമാത്രം ചെലവാക്കേണ്ടിവരുമെന്നും മറ്റും കണക്കിലെടുത്തിരുന്നു. എന്നാൽ ഈ പത്തു മാസത്തെ അനുഭവം വച്ചു നോക്കിയിട്ട് അത്രത്തോളം എത്തിച്ചേരുമെന്നു തോന്നുന്നില്ല. അതിലും വലിയ മിച്ചമൊന്നുമില്ല. മാത്രവുമല്ല, ഇന്നത്തെ കാര്യം മാത്രം നോക്കിയാൽ പോരാ. നാളത്തെ കാര്യവുംകൂടി കണക്കിലെടുക്കണം. ഇന്നത്തേയും നാളത്തേയും കാര്യം കണ്ടുകൊണ്ടു് മറ്റന്നാളത്തേക്കു പോയാൽ കൊള്ളാമെന്നുള്ള താല്പര്യവും ഉണ്ടു്. ഈ യൂണിയന്റെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുമ്പോൾ ഇതുപോലുള്ള മറ്റു് യൂണിയനുകൾ എന്തെല്ലാം ആവശ്യപ്പെടാം എന്നുള്ളതും നോക്കണം. ഇവിടുള്ള ഏതു തുറയിൽ ജോലിനോക്കുന്ന ഉദ്യോഗസ്ഥനായാലും ശരി, എല്ലാവർക്കും ഒരുപോലെ നീതി ലഭിക്കത്തക്ക രീതിയിൽ ആകമാനമുള്ള കാര്യങ്ങൾ വച്ചുകൊണ്ടു് കാര്യങ്ങൾ ആലോചിക്കണമെന്നു് ഗവണ്മെന്റിനു് താൽപ്പര്യമുണ്ടു്. ഇതെല്ലാം ഞാൻ സാമാന്യമായി പറഞ്ഞുവെന്നേയുള്ള. ഇപ്പോൾ ഇവിടെ ഉന്നയിച്ചിട്ടുള്ള സംഗതിയെപ്പറ്റി ആലോചിക്കാം. ഏതു യൂണിയനായാലും ശരി ആവശ്യങ്ങൾ വരുമ്പോൾ ഡിമാൻറുകൾ ഉന്നയിക്കും. സർക്കാർ ആ ഡിമാൻറുകളെപ്പറ്റി അന്വേഷിക്കും. സാമാന്യമായി ചെയ്തുകൊടുക്കുവാൻ സാധിക്കുന്നതു ചെയ്തുകൊടുക്കുവാനുള്ള താൽപ്പര്യവും ഗവണ്മെന്റിനുണ്ടു്. അതിലേയ്ക്കുള്ള സന്മനസും ഉത്തരവാദിത്വവും ഇരു ഭാഗക്കാർക്കും ഉണ്ടായിരിക്കേണ്ടതാണു്. ഇതൊരു അടിയന്തിരപ്രമേയമായി ചർച്ചചെയ്യേണ്ട യാവശ്യമില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതിനു അനുമതി കൊടുക്കേണ്ട കാര്യമില്ല.

ശ്രീ. ഈ. പി. ഗോപാലൻ : മന്ത്രി ഇവിടെ എന്തെല്ലാമോ പറഞ്ഞു. അതെല്ലാം ദിവസശമ്പളങ്ങൾ മാസശമ്പളമാക്കണം തുടങ്ങിയ അടിയന്തിര കാര്യങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടണം എന്നാവശ്യപ്പെടുന്ന എന്റെ പ്രമേയത്തിനു ബാധകമായിട്ടുള്ളതല്ല. അതുകൊണ്ടു് ഈ പ്രമേയം ചർച്ചചെയ്യാൻ അനുവാദം നൽകണമെന്നു് അപേക്ഷിക്കുകയാണു്.

ശ്രീ. കെ. ടി. അച്യുതൻ : ആ കാര്യങ്ങൾ സമ്മതിച്ചുകഴിഞ്ഞു. പത്രങ്ങളിൽ വന്നും കഴിഞ്ഞു.

Mr. Speaker : In the light of the facts stated by the hon. Minister, I withhold consent to the moving of the adjournment motion.

II. Strike by the students of the Agricultural College at Vellayani.

Mr. Speaker : Notices have been received from Shri E. P. Gopalan and Shri K. Krishna Pillai regarding the strike by the students of the Agricultural College at Vellayani. I call upon the concerned Minister to place the facts before the House.

ശ്രീ. എ. എ. റഹിം: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഒരാൾക്കു് ഒന്നിലധികം അഡ്ജോൺമെന്റു് മോഷൻ സഭയിൽ അവതരിപ്പിക്കുവാൻ അവകാശമുണ്ടോ ?

Mr. Speaker : Only one adjournment motion can be moved.

കൃഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

സർ, അഗ്രിക്കൾച്ചറൽ കോളേജിലെ Hostel cooks-ന്റെ പേരിൽ അവർ ക്രമരഹിതമായി പെരുമാറിയെന്നു കാണിച്ചു അവരെ ഹോസ്റ്റലിൽനിന്നും നീക്കം ചെയ്യുകയുണ്ടായി. എന്നാൽ അവരുടെ പേരിൽ വീഴ്ചയുണ്ടായിരുന്നില്ല എന്നും, അതുകൊണ്ടു അവരെ തിരിച്ചെടുക്കണമെന്നും അവർ വാദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly